കേരള സർക്കാർ
ലൈഫ് മിഷൻ
Livelihood Inclusion and Financial Empowerment

ജില്ലാ മിഷൻ കാര്യാലയം, മണ്ണിൽ റീജൻസി ബിൽഡിംഗ് ,സ്റ്റേഡിയം ജംഗ്ഷൻ,പത്തനംതിട്ട
ഫോൺ:0468-2222686 വെബ്സൈറ്റ് : www.lifemission.lsgkerala.gov.in ഇ മെയിൽ.lifemissionpta@gmail.com
ചെയർമാൻ :ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, മെമ്പർ സെക്രട്ടറി :ജില്ലാ കളക്ടർ
കൺവീനർ :പ്രോജക്ട്ഡയറക്ടർ, ജില്ലാകോ-ഓർഡിനേറ്റർ

നം. ലൈഫ്/പിറ്റിഎ/41/2023 തീയതി : 01.01.2025

# ക്വട്ടേഷൻ നോട്ടീസ്

ലൈഫ് മിഷന്റെ പത്തനംതിട്ട ജില്ലാ കോ-ഓർഡിനേറ്ററുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പ്രതിമാസ വാടക നിരക്കിൽ കാർ ലഭ്യമാക്കാൻ തയ്യാറുള്ള കാറുടമകളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

## നിബന്ധനകൾ

1. കാർ ടാക്സി രജിസ്ട്രേഷൻ/പെർമിറ്റ് ഉള്ളതായിരിക്കണം
2. 2017 അല്ലെങ്കിൽ അതിന് ശേഷമുള്ള മോഡലും നല്ല കണ്ടീഷനിലുള്ള വാഹനവുമായിരിക്കണം. ടാക്സ്, ഇൻഷുറൻസ്,പെർമിറ്റ് എന്നിവ നിലവിലുള്ളവയായിരിക്കണം.
3. 1000 സിസി സമാനമായതോ ആയ വാഹനങ്ങൾ അഭികാമ്യം
4. പ്രതിമാസം ഓടേണ്ട പരമാവധി ദൂരം 1500 കി.മീ.
5. എല്ലാ ദിവസവും വാഹനം ലഭ്യമാക്കേണ്ടതാണ്.
6. പ്രതിമാസം 1500 കി.മീ ഓടുന്നതിന് ആവശ്യപ്പെടുന്ന ഏറ്റവും കുറഞ്ഞ നിരക്ക് ക്വട്ടേഷനിൽ കാണിക്കണം. 1500 കി.മീന് ഉപരിയായി വാഹനം ഓടുകയും ആ ക്വാർട്ടറിലെ ആകെ ദൂരം 4500 കി.മിയിൽ അധികമായിരിക്കുകയും ചെയ്താൽ സർക്കാർ നിശ്ചയിച്ച നിരക്കിൽ വാടക അധിക മീറ്ററിന് നൽകുന്നതാണ്.
7. ഡ്രൈവറുടെ വേതനം, ഇന്ധനം, മെയിന്റനൻസ് ചെലവ് മറ്റ് നികുതി എന്നിവയെല്ലാമുൾപ്പെടെ ആയിരിക്കണം ആവശ്യപ്പെടുന്ന പ്രതിമാസ വേതനം.
8. ഒരു വർഷത്തേക്കാണ് കരാർ അടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കേണ്ടത്. ജില്ലാ കോർഡിനേറ്ററുമായി കരാറിൽ എർപ്പെടേണ്ടതാണ്.
9. ക്വട്ടേഷനിൽ കാണിച്ച വാഹനം തന്നെയായിരിക്കണം ലഭ്യമാക്കേണ്ടത്. ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ ഒഴികെ അവധി ദിവസങ്ങളിലും ഓഫീസ് സമയം കഴിഞ്ഞും വാഹനം ഓടാൻ ലഭ്യമാക്കേണ്ടതാണ്
10. യാത്രക്കിടയിൽ വാഹനം തകരാറിലായാൽ പകരം വാഹനം ലഭ്യമാക്കാൻ ക്വട്ടേഷൻ എടുത്തയാൾ ബാധ്യസ്ഥനാണ്.
11. ക്വട്ടേഷനുകൾ സീൽ വെച്ച കവറിൽ ജില്ലാ ലൈഫ് മിഷനിൽ **'വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ'** എന്ന മേലെഴുത്തോട് കൂടി 09.01.2025 ന് വൈകുന്നേരം 3 മണിക്ക് മുമ്പായി **പത്തനംതിട്ട ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലുള്ള ജില്ലാ കോ-ഓർഡിനേറ്ററുടെ ഓഫീസിൽ** സമർപ്പിക്കേണ്ടതാണ്. ലഭിച്ച ക്വട്ടേഷനുകൾ അന്നേദിവസം 3.30 മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ക്വട്ടേഷനുകൾ സമർപ്പിച്ച വ്യക്തികളാരും ഹാജരായില്ലെങ്കിൽ കൂടി ക്വട്ടേഷൻ തുറന്ന് പരിശോധിച്ച് കരാർ ഉറപ്പിക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ അന്നേ ദിവസം അവധി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതാണ്. ഇതൊന്നിച്ച് കാണിച്ച മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.
12. ഏതൊരു ക്വട്ടേഷനും കാരണമൊന്നും കാണിക്കാതെ നിരസിക്കാനും അംഗീകരിക്കുവാനും റദ്ദാക്കുവാനും ജില്ലാ കോ-ഓർഡിനേറ്റർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
13. ക്വട്ടേഷനോടൊപ്പം വാഹന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഉൾക്കൊള്ളിക്കേണ്ടതാണ്.

ഉള്ളടക്കം. ക്വട്ടേഷൻ മാതൃക

ജില്ലാ കോ-ഓർഡിനേറ്റർ
ലൈഫ് മിഷൻ , പി.എ.യു
പത്തനംതിട്ട